പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## <u>സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ്</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1466 — 16.03.2015 ൽ മറുപടിക്ക്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ടി.വി.രാജേഷ് | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) | സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് എപ്പോഴാണ് ആരംഭിച്ചത്; അന്തിമ ലിസ്റ്റ് എന്നത്തേക്ക് പ്രസിദ്ധീകരിക്കാൻ കഴിയും; | (എ) | സംസ്ഥാനത്ത് സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് വിവരശേഖരണം 2012 ഏപ്രിൽ 10 ന് ആരംഭിച്ചു. അന്തിമ ലിസ്റ്റ് 2015 മാർച്ച് 31 ന് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |
| (ബി) | പ്രസ്തുത ലിസ്റ്റിൽ നിന്നും ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് പ്രകാരം ശേഖരിക്കപ്പെട്ട വിവരങ്ങളെ ആധാരമാക്കി ബി.പി.എൽ. കുടുംബങ്ങളെ തെരഞ്ഞെടുക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. |
| (സി) | ഭക്ഷ്യസുരക്ഷാ നിയമം അനുസരിച്ചുള്ള മുൻഗണന ലിസ്റ്റ് തയ്യാറാക്കുന്നതിന് ജാതി സെൻസസ് പ്രകാരമുള്ള ലിസ്റ്റ് ഉപയോഗപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഭക്ഷ്യ സുരക്ഷാ നിയമപ്രകാരമുള്ള മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിന് നിലവിലെ റേഷൻകാർഡ് ഡാറ്റായുമായി ബന്ധപ്പെട്ടതാവുന്ന യാതൊരു വിധ ഘടകങ്ങളും ജാതി സെൻസസ് പ്രകാരമുള്ള പട്ടികയിൽ ഇല്ലാത്തതിനാൽ ഉപയോഗപ്പെടുത്തുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ